(ബി) കടൽഭിത്തി നിർമ്മാണത്തിന് 11-ാം ധനകാര്യ കമ്മീഷൻ 50 കോടി രൂപയും 12-ാം ധനകാര്യ കമ്മീഷൻ 175 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ചെലവഴിച്ചുകഴിഞ്ഞു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) പൊഴിയൂർ-കൊല്ലങ്കോട്, വിഴിഞ്ഞം, പനത്താക്കര ഭാഗങ്ങളിലായി 5.146 കി. മീ. ദൂരത്തിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ പുനരുദ്ധാരണ പണികൾ കാലാകാലങ്ങളിൽ നടത്തിവരുന്നു.

കടൽഭിത്തി നിർമ്മാണവും കരിമണൽ ഖനനവും

71 [2680] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഇ. എം. അഗസ്തി:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാക്രമണമുണ്ടാകുന്ന സ്ഥലങ്ങൾ ഏതെല്ലാമാണ്; ഈ സ്ഥലങ്ങളിൽ ആകെ എത്ര കി. മീ. ദൂരത്തിൽ കടലാക്രമണം ഉണ്ടാകുന്നു;

(ബി) ഈ സ്ഥലങ്ങളിൽ എത്ര കി. മീ. ദൂരത്തിൽ കടലാക്രമണ നിരോധനത്തിനായി കടൽഭിത്തി കെട്ടിയിട്ടുണ്ട്;

(സി) കടൽഭിത്തി കെട്ടിയിട്ടുള്ള സ്ഥലങ്ങളിൽ കരിമണൽ പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ടോ;

(ഡി) ഈ പ്രദേശങ്ങളിൽ ഇനിയെത്ര കി. മീ. ദൂരത്തിൽ കടൽഭിത്തി കെട്ടാനുണ്ട്;

(ഇ) ഇനി കടൽഭിത്തി കെട്ടാനുള്ള ഈ സ്ഥലങ്ങളിൽ എത്ര കി.മീ. ദൂരത്തിൽ കരിമണൽ ഖനനത്തിന് സാദ്ധ്യതയുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാക്രമണമുണ്ടാകുന്ന സ്ഥലങ്ങൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ല:

പൂവാർ, വിഴിഞ്ഞം, കൊല്ലങ്കോട്, പൂന്തുറ, വേളി, പെരുമാതുറ, താഴംപള്ളി, വർക്കല.

കൊല്ലം ജില്ല:

അഴീക്കൽ, പണ്ടാരത്തോപ്പ്, പന്തക്കടവ്, ജയന്തി കോളനി, ശ്രായിക്കാട്, കുഴിത്തുറ, ആലപ്പാട് സെന്റർ, കാറോടികോളനി, കാക്കത്തോപ്പ്, ചെറിയഴീക്കൽ, പണിക്കർകടവ്, പണ്ടാരത്തുരുത്ത്, വെള്ളനാത്തുരുത്ത്, ശക്തികുളങ്ങര, പരവൂർ, ചിലക്കൂർ, താന്നി,

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്മിപുരം കോളനി, കുളത്തിൽ പാടം, കോവിൽത്തോട്ടം, പൻമന, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പതിയാങ്കര, പല്ലന, പാനൂർ.

ആലപ്പുഴ ജില്ല:

ഒറമശ്ശേരി, അന്ധകാരനഴി, ചാപ്പക്കടവ്, പള്ളിത്തോട്, തൈയ്ക്കൽ, ഒറമനപ്പുഴ, പുറക്കാട്, വിജയാപാർക്ക്, ചെട്ടിക്കാട്, ഓട്ടൂർ, പുന്നപ്ര, നീർക്കുന്നം, വണ്ടാനം, വാടയ്ക്കൽ, തുമ്പോളി.

തൃശ്ശൂർ ജില്ല:

കൊടുങ്ങല്ലൂർ, വേങ്കോട്, ഏറിയാട്, കാര, അഞ്ചങ്ങാടി, കമ്പനിക്കടവ്, ആറാട്ടുകടവ്, കുളിമുട്ടം, അറപ്പക്കടവ്, അഴീക്കോട്, ചാവക്കാട്, റാടാനപ്പള്ളി, എങ്ങണ്ടിയൂർ കടപ്പുറം, ടൈറേറ്റ് ഹൗസ്, മുനക്ക കടവ്.

എറണാകുളം ജില്ല:

വൈപ്പിൻ ദ്വീപ്, ചെല്ലാനം ദ്വീപ്.

കോഴിക്കോട് ജില്ല:

കടലുണ്ടി, ചാലിയം, കോതി, പുതിയാപ്പ, ശങ്കുതികുളം, ഏലത്തൂർ, ഇരിങ്ങൽ, കോട്ടയ്ക്കൽ, കാപ്പാട്, മാന്നാമംഗലം, മൂടാടി, കൊല്ലം ബീച്ച്, പുറംകര, കുരിയാടി.

മലപ്പുറം ജില്ല:

പൊന്നാനി, പുതുപൊന്നാനി, കൂട്ടായി, പടിഞ്ഞാറേക്കര, അരിയല്ലൂർ, കടലുണ്ടി നഗരം.

കണ്ണൂർ ജില്ല:

മാടായി, പയ്യാമ്പലം, മീൻകുന്ന്, രാമന്തളി, പാലക്കോട്, തയ്യിൽ, തലായി, ധർമ്മടം, പരീക്കടവ്, ഗോപാൽപേട്ട, ചാലിൽ, കടലായി, കീഴ്ന്ന, മാട്ടൂൽ, കൊടുവള്ളി, വെട്ടിപ്പാലം, മാഗി, ഷിരിയ.

കാസർഗോഡ് ജില്ല:

മഞ്ചേശ്വരം, ബെറിക്ക, മുസോടി, കുസബ, അടുക്കത്ത് ബയൽ, കാവുഗോളി, കളനാട്, കീഴൂർ, ബേക്കൽ, പള്ളിക്കൽ, അജാനൂർ, ചിത്താരി, ഹോസ്ദുർഗ്ഗ്, ബല്ല, തൈകടപ്പുറം, അഴീത്തല, പടന്ന, കന്നുവീട്, വലിയപറമ്പ്, മാവില.

ആകെ ഏകദേശം 478 കി. മീ. നീളത്തിൽ കടലാക്രമണം അനുഭവപ്പെടുന്നു.

(ബി) ഏകദേശം 331 കി. മീ.

(സി) ഉണ്ട്.

(ഡി) കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ 147 കി. മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കാനുണ്ട്.

(ഇ) കരിമണൽ ഖനന സാധ്യതയെക്കുറിച്ച് ജലവിഭവ വകുപ്പ് പഠനമൊന്നും നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly